**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4814** **19-03-2025 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗത്തിനെതിരെ യുവജന സംഘടനകളെ ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യൂ ടി. തോമസ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം തടയാൻ യുവജനക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | **'NoTo Drugs'** എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി **"ജനസഭ"** എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എംഎൽഎ മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള ടീം കേരള, അവളിടം യുവതി ക്ലബ്ബ്, യൂത്ത് ക്ലബ്ബ്, ട്രാൻസ്ജെൻഡർ ക്ലബ്ബ്, കാർഷിക ക്ലബ്ബ് എന്നിവയിലെ മുഴുവൻ അംഗങ്ങളുടെയും അതാത് നിയമസഭാ മണ്ഡലത്തിലെ സ്കൂൾ , കോളേജ് വിദ്യാർത്ഥികളുടെ പങ്കാളിത്തവും പ്രസ്തുത പരിപാടിയിൽ ഉറപ്പുവരുത്തുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെന്റേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ |

ക്യാമ്പയിൻ, മയക്കുമരുന്നിനെതിരായി സൈക്കിൾ / ബൈക്ക് റാലി എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപികരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ **"ഉയിർപ്പ്"** എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. 15 യുവതികൾ അടങ്ങുന്ന സംഘമാണ് ഓരോ ജില്ലയിലും കലാജാഥയിൽ പങ്കെടുത്തത്. ഈ കലാജാഥയിൽ തെരുവുനാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.

സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരെയായി തിരുവനന്തപുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാരുടെ പങ്കാളിത്തത്തോടു കൂടി **'Real to Reel'** എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രവും നിർമ്മിക്കുകയുണ്ടായി.

യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗം തടയുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും കേരള സംസ്ഥാന യുവജന കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പെയിൻ / കലാജാഥ, നിയമപരമായ സഹായം, കൗൺസിലിംഗ്/ ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചു വരുന്നു.

മയക്കുമരുന്ന് ഉപയോഗം പോലുള്ള സാമൂഹ്യ വിപത്തുകൾക്കെതിരെ ജില്ലകൾ കേന്ദ്രീകരിച്ച് യുവജന ജാഗ്രതാ സമിതികൾ രൂപീകരിച്ച് കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിപുലമായ രീതിയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. എല്ലാ ജില്ലകളിലും ജില്ലയിലെ വിദ്യാർത്ഥി - യുവജന സംഘടനാ പ്രതിനിധികൾ, സർവ്വകലാശാല, കോളേജ് യൂണിയൻ ഭാരവാഹികൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി പ്രതിനിധികളെ

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയാണ് ജില്ലാതലത്തിൽ ജാഗ്രതാസഭ യോഗം സംഘടിപ്പിക്കുന്നത്. |
| (ബി) | ലഹരി വസ്തുക്കളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം മൂലം സമൂഹത്തിലുണ്ടാകുന്ന അരക്ഷിതാവസ്ഥ മാറ്റുന്നതിനായി യുവജന സംഘടനകളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | '**NoTo Drugs**' എന്ന മുദ്രാവാക്യ മുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി **"ജനസഭ"** എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എംഎൽഎ മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള ടീം കേരള, അവളിടം യുവതി ക്ലബ്ബ്, യൂത്ത് ക്ലബ്ബ്, ട്രാൻസ്ജെൻഡർ ക്ലബ്ബ്, കാർഷിക ക്ലബ്ബ് എന്നിവയിലെ മുഴുവൻ അംഗങ്ങളുടെയും അതാത് നിയമസഭാ മണ്ഡലത്തിലെ സ്കൂൾ , കോളേജ് വിദ്യാർത്ഥികളുടെ പങ്കാളിത്തവും പ്രസ്തുത പരിപാടിയിൽ ഉറപ്പുവരുത്തുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെന്റേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ, മയക്കുമരുന്നിനെതിരായി സൈക്കിൾ / ബൈക്ക് റാലി എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപികരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ **"ഉയിർപ്പ്"** എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. 15 യുവതികൾ അടങ്ങുന്ന സംഘമാണ് ഓരോ ജില്ലയിലും കലാജാഥയിൽ പങ്കെടുത്തത്. ഈ കലാജാഥയിൽ തെരുവുനാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെ ക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. |

| | | | |
|---|---|---|---|
| | | | സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരെയായി തിരുവനന്ത പുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാരുടെ പങ്കാളിത്തത്തോടു കൂടി **'Real to Reel'** എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുയുണ്ടായി. ലഹരിക്കെതിരെ യുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രവും നിർമ്മിക്കുകയുണ്ടായി.<br><br>യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗം തടയുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും കേരള സംസ്ഥാന യുവജന കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പെയിൻ / കലാജാഥ, നിയമപരമായ സഹായം, കൗൺസിലിംഗ്/ ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചു വരുന്നു.<br><br>മയക്കുമരുന്ന് ഉപയോഗം പോലുള്ള സാമൂഹ്യ വിപത്തുകൾക്കെതിരെ ജില്ലകൾ കേന്ദ്രീകരിച്ച് യുവജന ജാഗ്രതാ സമിതികൾ രൂപീകരിച്ച് കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിപുലമായ രീതിയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. എല്ലാ ജില്ലകളിലും ജില്ലയിലെ വിദ്യാർത്ഥി - യുവജന സംഘടനാ പ്രതിനിധികൾ, സർവ്വകലാശാല, കോളേജ് യൂണിയൻ ഭാരവാഹികൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് ജില്ലാതലത്തിൽ ജാഗ്രതാസഭ യോഗം സംഘടിപ്പിക്കുന്നത്. |
| (സി) | മയക്കുമരുന്ന് ഉപയോഗം പോലുള്ള സാമൂഹ്യവിപത്തുകൾക്കെതിരെ വാർഡുകൾ കേന്ദ്രീകരിച്ച് യുവജന ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | **'NoTo Drugs'** എന്ന മുദ്രാവാക്യ മുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി **"ജനസഭ"** എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, |

ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എംഎൽഎ മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള ടീം കേരള, അവളിടം യുവതി ക്ലബ്ബ്, യൂത്ത് ക്ലബ്ബ്, ട്രാൻസ്ജെൻഡർ ക്ലബ്ബ്, കാർഷിക ക്ലബ്ബ് എന്നിവയിലെ മുഴുവൻ അംഗങ്ങളുടെയും അതാത് നിയമസഭാ മണ്ഡലത്തിലെ സ്കൂൾ , കോളേജ് വിദ്യാർത്ഥികളുടെ പങ്കാളിത്തവും പ്രസ്തുത പരിപാടിയിൽ ഉറപ്പുവരുത്തുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെന്റേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ, മയക്കുമരുന്നിനെതിരായി സൈക്കിൾ / ബൈക്ക് റാലി എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപികരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ **"ഉയിർപ്പ്"** എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. 15 യുവതികൾ അടങ്ങുന്ന സംഘമാണ് ഓരോ ജില്ലയിലും കലാജാഥയിൽ പങ്കെടുത്തത്. ഈ കലാജാഥയിൽ തെരുവുനാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.

സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരെയായി തിരുവനന്ത പുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാരുടെ പങ്കാളിത്തത്തോട്ടു കൂടി **'Real to Reel'** എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുയുണ്ടായി. ലഹരിക്കെതിരെ യുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രവും നിർമ്മിക്കുകയുണ്ടായി.

യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗം

| | | | |
|---|---|---|---|
| | | | തടയുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും കേരള സംസ്ഥാന യുവജന കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പെയിൻ / കലാജാഥ, നിയമപരമായ സഹായം, കൗൺസിലിംഗ്/ ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചു വരുന്നു.<br><br>മയക്കുമരുന്ന് ഉപയോഗം പോലുള്ള സാമൂഹ്യ വിപത്തുകൾക്കെതിരെ ജില്ലകൾ കേന്ദ്രീകരിച്ച് യുവജന ജാഗ്രതാ സമിതികൾ രൂപീകരിച്ച് കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിപുലമായ രീതിയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. എല്ലാ ജില്ലകളിലും ജില്ലയിലെ വിദ്യാർത്ഥി - യുവജന സംഘടനാ പ്രതിനിധികൾ, സർവ്വകലാശാല, കോളേജ് യൂണിയൻ ഭാരവാഹികൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് ജില്ലാതലത്തിൽ ജാഗ്രതാസഭ യോഗം സംഘടിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ